അമ്പലപ്പുഴ ദേശീയപാതയിലെ മരംമുറി

244 (5329) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ദേശീയ പാതയ്ക്കരിൽ അപകടാവസ്ഥയിൽ നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ;

(സി) മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കരാർ നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര തുകയ്ക്കാണ് കരാർ നൽകിയത് ; ഇല്ലെങ്കിൽ മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി എത്രയുക ചെലവായി ; വ്യക്തമാക്കാമോ ;

(ഡി) മുറിച്ചുമാറ്റിയ തടികൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് ; ഈ തടി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; ഇങ്ങനെ മുറിച്ചുമാറ്റിയ തടിയുടെ ഇനം തിരിച്ചുള്ള അളവ് വ്യക്തമാക്കുമോ ;

(ഇ) മരം മുറിച്ചതിന്റെ അവശിഷ്ടങ്ങൾ ദേശീയപാതയ്ക്ക് സമീപം അപകടകരമാം വിധം കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) 18 മരങ്ങൾ പൂർണ്ണമായും 35 മരങ്ങളുടെ ശാഖകളും മുറിച്ചുമാറ്റിയിട്ടുണ്ട്.

(ബി) കോതമംഗലം ബസ് അപകടത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ആലപ്പുഴ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ അപകടാവസ്ഥ ബോദ്ധ്യപ്പെട്ടാണ് തീരുമാനം കൈക്കൊണ്ടത്.

(സി) മരം മുറിക്കുന്നതിനായി പ്രത്യേക കരാർ നൽകിയിട്ടില്ല. വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി ആലപ്പുഴ ഡിവിഷനുകീഴിലുള്ള ദേശീയ പാതകൾക്ക് (അരൂർ മുതൽ കൃഷ്ണപുരം വരെ) 20 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ ജോലികളുടെകൂടെ മരം മുറിക്കലും ശിഖരങ്ങൾ വെട്ടലും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) ദേശീയപാതയുടെ ഇരുവശങ്ങളിലും ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാകാത്തരീതിയിൽ മുറിച്ചിട്ട തടി സൂക്ഷിച്ചിട്ടുണ്ട്. തടികൾ അളന്ന് വില നിശ്ചയിച്ച് നൽകണമെന്ന് ജില്ലാ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് ലേലം ചെയ്ത് വിൽക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly